GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Press Release

PR. 52/2024 20.07.2024

**ഈ വർഷത്തെ കർഷക അവാർഡുകൾക്കുള്ള അപേക്ഷ ക്ഷണിച്ചു – പുതുതായി 4 അവാർഡുകൾ**

തിരുവനന്തപുരം: സംസ്ഥാനതലത്തിൽ കഴിഞ്ഞ വർഷങ്ങളിൽ കൃഷിവകുപ്പ് നൽകി വന്നിരുന്ന കർഷക അവാർഡുകൾക്ക് പുറമെ പുതിയതായി നാലു അവാർഡുകൾ കൂടെ ഉൾപ്പെടുത്തി ആകെ 41 അവാർഡുകളിലേക്ക് അപേക്ഷ ക്ഷണിക്കാൻ കൃഷി വകുപ്പ് തീരുമാനിച്ചു. കേരളത്തിലെ മുൻ മുഖ്യമന്ത്രിയും ആദ്യ മന്ത്രിസഭയിലെ കൃഷിവകുപ്പ് മന്ത്രിയുമായിരുന്ന ശ്രീ. സി. അച്യുതമേനോന്റെ പേരിൽ കാർഷിക മേഖലയിൽ മികച്ച പ്രവർത്തനം നടത്തിയ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് നൽകുന്ന **ശ്രീ. സി. അച്യുതമേനോൻ സ്മാരക അവാർഡ്,** മികച്ച കാർഷിക ഗവേഷണത്തിന് നൽകുന്ന **എം.എസ് സ്വാമിനാഥൻ അവാർഡ്**, അതാത് വർഷങ്ങളിൽ കൃഷി വകുപ്പിന്റെ പ്രത്യേക പദ്ധതികൾ (2023മില്ലറ്റ് പദ്ധതി) മികവോടെ നടപ്പിലാക്കിയ **കൃഷി ഭവനു നൽകുന്ന അവാർഡ്,** കാർഷിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന **ട്രാൻസ്ജെൻഡർ വിഭാഗത്തിലുള്ള വ്യക്തിക്ക് നൽകുന്ന അവാർഡ്** എന്നീ നാല് പുതിയ അവാർഡുകളാണ് കൃഷി വകുപ്പ് ഈ വർഷം മുതൽ ഏർപ്പെടുത്തുന്നത്.

ഈ 4 അവാർഡുകൾക്കു പുറമെ മുൻവർഷങ്ങളിൽ നൽകി വന്നിരുന്ന കൃഷിഭവനുകൾ സ്ഥാപിച്ച മുൻ കൃഷിവകുപ്പ് മന്ത്രി ശ്രീ. വി.വി രാഘവന്റെ പേരിൽ മികച്ച പ്രവർത്തനം കാഴ്ചവച്ച കൃഷിഭവന് നൽകുന്ന ശ്രീ. വി.വി രാഘവൻ സ്മാരക അവാർഡ്, പത്മശ്രീ ശ്രീ. കെ വിശ്വനാഥൻ (മിത്രാനികേതൻ) മെമ്മോറിയൽ നെൽക്കതിർ അവാർഡ്, ജൈവകൃഷി നടത്തുന്ന ആദിവാസി ഊര്/ ക്ലസ്റ്റർ, സിബി കല്ലിങ്കൽ സ്മാരക കർഷകോത്തമ അവാർഡ്, കേരകേസരി അവാർഡ്, പൈതൃക കൃഷി/ വിത്ത് സംരക്ഷണം/ വിളകളുടെ സംരക്ഷണം പ്രവർത്തനം നടത്തുന്ന ആദിവാസി ഊര്/ വ്യക്തിക്ക് നൽകുന്ന അവാർഡ്, മികച്ച ജൈവ കർഷകൻ അവാർഡ്, മികച്ച യുവ കർഷക/ യുവകർഷകൻ അവാർഡ്, ഹരിത മിത്ര അവാർഡ്, ഹൈടെക് കർഷകൻ അവാർഡ്, കർഷകജ്യോതി അവാർഡ്, മികച്ച തേനീച്ച കർഷകൻ അവാർഡ്, കർഷകതിലകം (വനിത) അവാർഡ്, ശ്രമശക്തി അവാർഡ്, കാർഷിക മേഖലയിലെ നൂതന ആശയം, കർഷകഭാരതി അവാർഡ് അച്ചടി ദൃശ്യ ശ്രവ്യ നവമാധ്യമം,

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ക്ഷോണിസംരക്ഷണ അവാർഡ്, മികച്ച കൂൺ കർഷക/ കർഷകൻ അവാർഡ്, ചക്ക സംസ്കരണം/ മൂല്യവർദ്ധന മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തി/ ഗ്രൂപ്പ്, ഉൽപ്പാദന മേഖലയിലെ മികച്ച കൃഷിക്കൂട്ടം, സേവന മേഖലയിലെ മികച്ച കൃഷിക്കൂട്ടം, മൂല്യവർദ്ധിത മേഖലയിലെ മികച്ച കൃഷിക്കൂട്ടം, മികച്ച വിദ്യാഭ്യാസ സ്ഥാപനം, മികച്ച സ്പെഷ്യൽ സ്കൂൾ, മികച്ച പച്ചക്കറി ക്ലസ്റ്റർ, മികച്ച പോഷക തോട്ടം, കർഷക വിദ്യാർത്ഥി (സ്കൂൾ), കർഷക വിദ്യാർത്ഥി (ഹയർ സെക്കന്ററി സ്കൂൾ), കർഷക വിദ്യാർത്ഥി (കലാലയം), കാർഷിക മേഖലയിൽകയറ്റുമതി പ്രവർത്തനങ്ങളിൽ പുറപ്പെട്ടിരിക്കുന്ന വ്യക്തി / ഗ്രൂപ്പ്, കാർഷിക മേഖലയിൽ മികവ് തെളിയിച്ച പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ (PACS), എഫ്.പി.ഒ/ എഫ്.പി.സി, റെസിഡൻസ് അസോസിയേഷൻ, പൊതു മേഖല സ്ഥാപനം, സ്വകാര്യ സ്ഥാപനം, മികച്ച പ്രവർത്തനങ്ങൾ കാഴ്ച്ചവച്ച കൃഷി അസിസ്റ്റന്റ് ഡയറക്ടർ, ഫാം ഓഫീസർ, കൃഷി ഓഫീസർ, അസിസ്റ്റന്റ് കൃഷി ഓഫീസർ / കൃഷി അസിസ്റ്റന്റ് എന്നീ അവാർഡുകളാണ് നൽകാൻ തീരുമാനിച്ചിരിക്കുന്നത്.

അപേക്ഷകൾ അതാത് കൃഷിഭവനകളിൽ സ്വീകരിക്കുന്നതായിരിക്കും കൃഷിഭവനിൽ അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 25.07.2024 ആണ്. കൃഷിഭവനും പഞ്ചായത്തിനും കർഷകരെ വിവിധ അവാർഡുകൾക്കായി നാമം നിർദ്ദേശം ചെയ്യാവുന്നതാണ്. ക്ഷോണിസംരക്ഷണ അവാർഡിനുള്ള അപേക്ഷകൾ അതായത് ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർക്കും കർഷക ഭാരതി അവാർഡിനുള്ള അപേക്ഷകൾ പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ ഫാം ഇൻഫർമേഷൻ ബ്യൂറോക്കുമാണ് സമർപ്പിക്കേണ്ടത്.

പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ